കേരള സർക്കാർ

# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്

**email – dopkd.ksad@kerala.gov.in**

**www.lfa.kerala.gov.in**

# കുലുക്കല്ലൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2017-18**

നം. കെ.എസ്.എ-പികെഡി13/581/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തീയതി – 08.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി13/581/2019 തീയതി – 08.05.2019

# <u>പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

# <u>ഓഡിറ്റ് റിപ്പോർട്ട്</u>

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 14-08-2017 മുതൽ 22-02-2019 വരെ വിവിധ ഇനങ്ങളിലായി പഞ്ചായത്ത് നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br><br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-02-19 മുതൽ 02-03-19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എൻ.വി.കൃഷ്ണദാസ്<br>ഓഡിറ്റർ |
| | ശ്രീ.ആർ.രഞ്ജിത്ത്<br>ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി പി.സുലേഖ ടീച്ചർ | 1-4-17 മുതൽ 2-1-18 വരെ |
| | കുമാരി എം.കെ.ഖദീജ (ചാർജ്) | 3-1-18 മുതൽ 23-1-18 വരെ |
| | ശ്രീ.എൻ.ഗോപകുമാർ | 24-1-18 മുതൽ 31-3-18 വരെ |
| സെക്രട്ടറി | ശ്രീ.എസ്. സജീവ് | 1-4-17 മുതൽ 5-8-17 വരെ |
| | ശ്രീ. ശ്രീകുമാർ. ടി.എസ് (ചാർജ്ജ്) | 6-8-17 മുതൽ 20-11-17 വരെ |
| | ശ്രീ. രവീന്ദ്രൻ.വി | 21-11-17 മുതൽ 31-3-18 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഹരിലാൽ.ഡി.ബി | 1-4-17 മുതൽ 27-6-17 വരെ |
| | ശ്രീ.ശ്രീകുമാർ.ടി.എസ് | 28-6-17 മുതൽ 02-3-18 വരെ |
| | ശ്രീ. ഹരിലാൽ. ഡി.ബി | 3-3-18 മുതൽ 31-3-18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. രശ്മി. എം ബി | 1-4-17 മുതൽ 31-03-18വരെ |
| വി.ഇ.ഒ | ശ്രീ. ജയൻ.എൻ.എൻ | 1-4-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | കുമാരി പി.എ.ഷഹന | 1-4-17 മുതൽ 23-12-17 വരെ |
| | ശ്രീമതി. വിനോദിനി | 24-12-17 മുതൽ 31-3-18 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി. ധന്യ രവി | 1-4-17 മുതൽ 7-11-17 വരെ |
| | ശ്രീമതി.ശാന്ത എം.കെ | 8-11-17മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. രോഹിണി. സി | 1-4-17 മുതൽ 31-3-18വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷാബു | 1-4-17 മുതൽ 31-3-18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. അനീഷ് രാജ് | 1-4-17 മുതൽ 11-6-17 വരെ |
| | ഡോ. ലേഖ ഗ്രിഗോറിയസ് | 12-6-17 മുതൽ 31-3-18 വരെ |
| | | |

| | | |
|---|---|---|
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.ജാസ്മിൻ | 1-4-17 മുതൽ 31-3-18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ജോജോ മാത്യു | 1-4-17 മുതൽ 31-3-18 വരെ |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

31-3-17 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 8-3-18 തീയതിയിലെ തീരുമാനം നം.1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-3-17 | 7-6-18 | ---- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 28-06-18 | നം.കെ.എസ്.എ-പികെഡി.21/1904(65)/2018 തീയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10575998 |
| വരവ് | 61685191 |
| ആകെ | 72261189 |
| ചെലവ് | 60721491 |
| നീക്കിയിരിപ്പ് | 11539698 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12403084 | 12403084 | 9208918 | 3194166 |
| വികസന ഫണ്ട്-SCP (ACR പ്രകാരം) | 0 | 7918002 | 7918002 | 6742991 | 1175011 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-TSP (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്- റോഡ് (ACR പ്രകാരം) | | 0 | 24517573 | 24517573 | 20891731 | 3625842 |
| മെയിന്റനൻസ്- നോൺ-റോഡ് (ACR പ്രകാരം) | | 0 | 2853318 | 2853318 | 1286739 | 1566579 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5781559 | 5781559 | 4507271 | 1274288 |
| KLSGDP (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 117163 | 5858 (int) | 123021 | 25(bank charge | 122996 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 11515774 | 11515774 | 11515774 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1097018 | 1097018 | 1097018 | 0 |
| ഐ.സി.ഡി.എസ്. | | 700326 | 1319890 | 2020216 | 1068350 | 951866 |
| ശുചിത്വ മിഷൻ | | 1568105 | 550000 | 2118105 | 0 | 2118105 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 27000 | 350000 | 377000 | 350000 | 27000 |
| | ജില്ലാ പഞ്ചായത്ത് | 0 | 350000 | 350000 | 350000 | 0 |
| ബി ഫണ്ട് | | 0 | 133000 | 133000 | 133000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 6759602 | 9388000 | 16147602 | 10282395 | 5865207 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2660504 | 6538414 | 9198918 | 4734246 | 4464672 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 426 | 98630052 | 247 | 47700354 | nil | 179 | 57.98 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 9 | 5615352 | 2493418 | 44.40 |
| വി.ഇ.ഒ | 11 | 10 | 8343864 | 5357050 | 64.20 |

| | | | | | |
|---|---|---|---|---|---|
| ICDS സൂപ്പർവൈസർ | 5 | 3 | 4271300 | 2138640 | 50.07 |
| സെക്രട്ടറി | 21 | 10 | 4006566 | 1397972 | 34.89 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 346 | 193 | 65001612 | 29237078 | 44.97 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 1120235 | 933234 | 83.30 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 500000 | 500000 | 100 |
| ഹെഡ് മാസ്റ്റർ | 9 | 4 | 2816000 | 1533900 | 54.47 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 350000 | 350000 | 100 |
| അസി.സെക്രട്ടറി | 11 | 7 | 3401123 | 2315312 | 68.07 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 3204000 | 1443750 | 45.06 |
| ആകെ | 426 | 247 | 98630052 | 47700354 | 48.36 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1097018 | 1097018 | 1097018 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11515774 | 11515774 | 11515774 | 0 |
| 100 ദിവസത്തെ ബത്ത | 0 | 170000 | 170000 | 170000 | 0 |
| ആകെ | 0 | 12782792 | 12782792 | 12782792 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18000 | 30 |
| കർഷകത്തൊഴിലാളി പെൻഷൻ | 2393800 | 214 |
| വിധവാ പെൻഷൻ | 12944500 | 1188 |
| വാർദ്ധക്യകാല പെൻഷൻ | 26766200 | 2359 |
| വികലാംഗ പെൻഷൻ | 2901100 | 281 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 1457700 | 134 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-2-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15906/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കേണ്ടതാണ്.
2. യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.
3. തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതാണ്.
4. ട്രേഡേഴ്സ് ലിസ്റ്റ്, ഡി&ഒ രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യമായ അന്വേഷണത്തിനുശേഷം ലൈസൻസ് അനുവദിക്കേണ്ടതുമാണ്.
5. ഭവനനിധി രൂപീകരിക്കേണ്ടതാണ്.
6. തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
7. കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് ഫയലുകൾ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിന് അടിയന്തിരമായി വിശദീകരണം നൽകേണ്ടതാണ്.
8. സാമൂഹ്യ സുരക്ഷാപെൻഷൻ- ഖ.3-5 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
9. കരാറുടമ്പടി വെയ്ക്കാൻ കലതാമസം വരുത്തിയതിന് നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.
10. അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസഹായം വിനിയോഗിക്കേണ്ടതാണ്.
11. അസാധാരണച്ചെലവുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
12. വാഹനത്തിന്റെ സൂക്ഷിപ്പ് അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-02-2019 | 01/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-7-2009 മുതൽ 3-8-2009 വരെ | 2004-05മുതൽ 2008-09 വരെ | LBA(HQ)/iv/8A-1451/179, തി.26-8-2009 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

ഒന്നുമില്ല

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

കുലുക്കല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ഡിസംബർ 15 -നു മുൻപ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കുകയോ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 -നു മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർക്കുകയോ ചെയ്തിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ, ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിരേഖ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ചുള്ള ഉപ മേഖലാതല വകയിരുത്തൽ എന്നിവ ക്രോഡീകരിച്ച് മാർച്ച് ഒന്നിന് മുമ്പ് കരട് ബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബഡ്ജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.

27.03.17-ൽ മാത്രമാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളോടും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരോടും ആവശ്യപ്പെടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബഡ്ജറ്റ് അംഗീകരിച്ചിട്ടില്ല. 31.03.2017 ലാണ് ബഡ്ജറ്റ് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.05/ 27.02.19 ന് തുടർവർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബഡ്ജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്നകാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയത്തിലെ അപാകത- നികുതി നഷ്ടം

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ(സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6), മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ, പഞ്ചായത്ത് പ്രദേശത്തെ താഴെ പറയുന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുള്ളത് അവയുടെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് കണ്ടെത്തി. സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ 99.99 ശതമാനം പൂർത്തീകരിച്ചിട്ടും വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലാത്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<u>ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക്</u>

| ഉപയോഗ ക്രമം | നിരക്ക് (ഒരു ച.മീറ്ററിന്) |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ. |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ. |

ഫാത്തിമ, തോട്ടുങ്കൽ, മിഠായിത്തെരുവ്, ചുണ്ടമ്പറ്റ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു. 2017 ഒന്നാം അർദ്ധവർഷത്തിലാണ് നികുതി പ്രാബല്യത്തിൽ വന്നിട്ടുള്ളത്. യഥാർത്ഥ ഉപയോഗ ക്രമത്തിനുള്ള വസ്തുനികുതി പ്രകാരം പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വർഷം തോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന ചോർച്ച പ്രസ്തുത കെട്ടിടത്തിന്റെ ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 110 ച.മീ |

| | |
|---|---|
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി<br><br>(110X60) | 6600 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (ആകെ 50%) (മേഖല- 20%, വഴി സൗകര്യം- 20%, മേൽക്കൂര- 10%) | 3300 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് -ഇല്ല | - |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 3300 രൂപ |
| നിശ്ചയിക്കാവുന്ന ലൈബ്രറി സെസ്സ് | 165 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ | 3465 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി ലൈബ്രറി സെസ്സ് ഉൾപ്പടെ (2750+138) | 2888 രൂപ |
| 2017-18 വർഷത്തെ നികുതി നഷ്ടം | 3465-2888<br><br>=<br>577രൂപ |

ഉപയോഗക്രം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതുവഴിയുണ്ടായ നഷ്ടത്തുക 577/- രൂപ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും സഞ്ചയ സോഫ്റ്റ് വെയറില പുതുക്കിയ ഫോറം-6 ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി തൃപ്തികരമല്ല. കെട്ടിടത്തിന്റെ പുതുക്കിയ ഫോറം-6, തെറ്റായി നികുതി നിർണ്ണയിച്ചതുവഴിയുണ്ടായ നഷ്ടത്തുക 577/- രൂപ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കിയതിന്റെ അസ്സൽ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

| ക്രമ നം | പേര് | അർദ്ധവർഷം (2017-18) |
|---|---|---|
| 1 | എൽഎസ്ജിഡി ഓവർസിയർ & അസി. എഞ്ചിനിയർ | 2 |
| 2 | പഞ്ചായത്ത് ഡ്രൈവർ | 1 |
| 3 | പാലിയേറ്റിവ് വാഹനം ഡ്രൈവർ | 1&2 |

**2. അംഗീകൃത കരാരുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല**

2017-18 സാമ്പത്തിക വർഷം വിവിധ കരാർ പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

**3. റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

പഞ്ചായത്ത് പ്രദേശത്തെ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 18/02.03.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-4 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

**1. രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല**

പഞ്ചായത്ത് പ്രദേശത്തെ വ്യാപാരികളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) സൂക്ഷിച്ചിട്ടില്ല. ഡി & ഒ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. ആയതിനാൽ 2017-18 വർഷം ആകെ എത്ര ലൈസൻസുകളാണ് അനുവദിച്ചിരിക്കുന്നതെന്നോ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ലൈസൻസോടെയാണോ പ്രവർത്തിക്കുന്നത് എന്നോ വിലയിരുത്താനായിട്ടില്ല.

**2.അപേക്ഷകളിൽ അന്വേഷണം നടത്തുന്നില്ല**

ലൈസൻസ് അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല. സമർപ്പിച്ചിരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിക്കുന്ന രീതിയാണ് തുടർന്നുവരുന്നത്.

**3. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനും ഉറവിട മാലിന്യ സംസ്കരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു**

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി വ്യാപാരം/ വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും

നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽനിന്നും വാങ്ങേണ്ടതായിട്ടുണ്ട്. സർക്കുലർ നം.576/ഡിസി-1/16/തസ്വഭവ തിയതി 24-9-2016 പ്രകാരം ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-7-2017 പ്രകാരം നിലിവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങൾ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രമേ ഡി & ഒ ലൈസൻസ് അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

**4. ഡി&ഒ ലൈസൻസ് ഫീ നിർണ്ണയം- 2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് നിർണ്ണയ രീതി, സ.ഉ (പി) നം. 80/2017/തസ്വഭവ തീയതി 31.10.2017 പ്രകാരം പുറപ്പെടുവിച്ച ഭേഗദതി ചട്ടങ്ങൾ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ' എന്നത് 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.

ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്. രേഖകൾ പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയതായി കാണുന്നില്ല.

**5. നിയമാനുസൃതം ആവശ്യമായ സാക്ഷ്യപത്രങ്ങളില്ലാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേരും വിലാസവും | അപാകതകൾ |
|---|---|---|---|
| 1 | മലബാർ എഞ്ചിനീയറിംഗ് വർക്സ് | ഹൈഡ്രാലി & സുബൈർ, എരവന്ത്ര മേലേതിൽ, മുളയങ്കാവ് പി ഒ | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം |
| 2 | ഉമ്മർ സൺസ് റൈസ് &ഫ്ലോർ മില്ല് | അബ്ദുൾ അസീസ് വി, വടക്കേതിൽ ഹൗസ്, മുളയങ്കാവ് പി ഒ | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം, സാനിറ്ററി സർട്ടിഫിക്കറ്റ് |
| 3 | ശ്രേയ സർജിക്കൽസ് | സതീഷ് ഇ കെ, എരവന്ത്ര മൂത്താരുതൊടി | മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 7/27.02.19 ന് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതാണെന്നും അപേക്ഷകളിൽ കൃത്യമായ അന്വേഷണം നടത്തി

മാത്രം ലൈസൻസ് അനുവദിക്കുന്നതാണെന്നും നിലവിൽ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം വാങ്ങിയാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ഭേദഗതി ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് നിശ്ചയിക്കുന്നതെന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1.ട്രേഡേഴ്സ് ലിസ്റ്റ്, ഡി & ഒ രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ആവശ്യമായ അന്വേഷണത്തിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

3. ലൈസൻസ് അനുവദിക്കുന്നതിനുമുമ്പ് പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനും ഉറവിട മാലിന്യ സംസ്കരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. 2017 -ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം അപേക്ഷയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും ഫീസ് ഈടാക്കേണ്ടതുമാണ്.

6. ചട്ടപ്രകാരമുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-5 സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി - ഭവനനിധി രൂപീകരിക്കേണ്ടതാണ്

31.07.2017 ലെ സ.ഉ(എം.എസ്)നം.151/2017/തസ്വഭവ പ്രകാരം സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ (ലൈഫ് മിഷൻ) മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു. പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണെന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭവനനിധിയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.
കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശ പ്രകാരമുള്ള ഭവനനിധി രൂപീകരിച്ചിട്ടില്ല. ഭവനനിധി രൂപീകരിച്ച് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.17/02.03.19)

## 2-6 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച1050 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്ററ്‍ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്ററ്‍ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് തൻവർഷം 1050രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ 67357167955/SBI പട്ടാമ്പി എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്കുകളുടെ പരിപാലനം- അപാകതകൾ

### തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്

കൊപ്പം, നെല്ലായ, വല്ലപ്പുഴ, കുലുക്കല്ലൂർ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിൽ വരുന്ന പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഏതെല്ലാം ഇനങ്ങളിൽ പെട്ട എത്ര തെരുവു വിളക്കുകൾ പ്രവർത്തന ക്ഷമമാണ് എന്നത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഹാജരാക്കിയ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അവ്യക്തവും അപൂർണ്ണവുമാണ്.

വസ്തുതകൾ ഇതായിരിക്കെ, കൃത്യമായ ഇടവേളകളിൽ വൈദ്യുതി ബോർഡ് നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം ശരാശരി 50000 രൂപയോളം പ്രതിമാസം വൈദ്യുതി ബില്ലിനത്തിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കി വരുന്നു.

### തെരുവ് വിളക്ക് - രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയ് ന്റന ൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഈ രജിസ്റ്ററുകളൊന്നും തന്നെ സൂക്ഷിക്കുന്നില്ല. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

### തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ

12-03-2013-ലെ സർക്കുലർ നം. 65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ

ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീററ്ററിംഗ് സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, *burnig hours* എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. മീറ്ററിംഗ് സംവിധാനത്തിന്റെ അഭാവത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കുകയാണെങ്കിൽ ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നു. ആയത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യതയും/ സുതാര്യതയും കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

**<u>തെരുവ് വിളക്ക് വാങ്ങൽ – സമാഹരണ പദ്ധതി നിബന്ധനകൾ അവലംബിക്കേണ്ടതാണ്</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>**

1. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. എൽ ഇ ഡി ലാമ്പുകൾ മറ്റു ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമാണ്. ആയതിനാൽ തെരുവ് വിളക്കുകൾക്ക് എൽ ഇ ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം. വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കിയും, വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ടും തെരുവ് വിളക്കിന് ആവശ്യമായ എൽ ഇ ഡി ലാമ്പുകൾ വാങ്ങാവുന്നതാണ്.

3. എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

4. അടിയന്തിരമായി KSEB-യുമായി സംയുക്ത പരിശോധന നടത്തി പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/തരം/നിരക്ക് എന്നിവ നിർണ്ണയിച്ച് വൈദ്യുത ചാർജ് അടവാക്കുന്നതിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്.

5. സ.ഉ(പി)നം.259/2010/തസ്വഭവ, തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾ മാർഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നമ്പർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള ശ്രമം നടത്താവുന്നതാണ്. ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർ നപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 പട്ടികജാതി കോളനികളിൽ സോളാർ തെരുവ് വിളക്കു സ്ഥാപിക്കൽ- പദ്ധതി നിർവ്വഹണം - വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പട്ടികജാതി കോളനികളിൽ സോളാർ തെരുവ് വിളക്കു സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പ്രൊജക്ടിൽ വിഭാവനം ചെയ്ത എണ്ണത്തെക്കാൾ കൂടുതൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് പദ്ധതി നിർവ്വഹിച്ചിരിക്കുന്നു. സ്ഥാപിച്ചിട്ടുള്ള എല്ലാ വിളക്കുകൾക്കും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം 165/17 (എസ്. ഒ.42/18)

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി. സെക്രട്ടറി

അടങ്കൽ 1026000/-

ചെലവ് 1002754/-

ബിൽ നം, തിയതി 4/ 06.01.2018

ഇൻവോയ്സ് നം 279/22.03.2017 (കേരള സ്റ്റേറ്റ് ഇന്റസ്ട്രയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട്)

പ്രൊജക്ടിൽ 27 സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിരിക്കെ 46 എണ്ണം സ്ഥാപിക്കുകയും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറിൽ നിന്നും 13 സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിന് മാത്രം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു.

സ.ഉ (എം.എസ്) നം. 168/12 തസ്വഭവ, തിരു. തിയതി.15.06.12, പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ 2012-17 ഖണ്ഡിക 11.13.XI.സി എന്നിവ പ്രകാരം അംഗീകാരം ലഭിച്ച തുകയിലോ, പ്രവർത്തനങ്ങളിലോ ഭേദഗതി വരുത്തിയാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തുന്നതെങ്കിൽ പ്രസ്തുത സ്പിൽ ഓവർ പ്രൊജക്ട് സാങ്കേതിക അനുമതി നൽകിയ ഉദ്യോഗസ്ഥർ പരിശോധിച്ച് അനുമതി തേടേണ്ടതാണ്. യാതൊരു ഭേദഗതിയും ഇല്ലാത്തപക്ഷം ഒരു സ്പിൽ ഓവർ പ്രൊജക്ടിന് ഡി.പി.സി അംഗീകാരം ആവശ്യമില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കിയാൽ പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളുടെ വിലാസ പട്ടികയും അതിൽ പട്ടികജാതി വിലാസ പട്ടികയും സാമൂഹ്യ ഭൂപടത്തോടൊപ്പം ചേർക്കണം. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികകളും സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടികജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും അതോടൊപ്പം പ്രൊജകട് മുഖേന പ്രയോജനം ലഭിക്കുന്ന ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50 ശതമാനത്തിലധികം പട്ടികജാതിക്കാരാണെന്നും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രൊജക്ട് വിഭാവനം ചെയ്യുകയും, പ്രൊജക്ടിൽ വിഭാവനം ചെയ്ത എണ്ണത്തെക്കാൾ സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തതിന് വ്യക്തമായ മറുപടി/വിശദീകരണം ലഭ്യമാക്കുവാൻ വേണ്ടി 26.2.2019 ന് നൽകിയ 8- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല.*സ.ഉ(എ.എസ്) 72/17 ത.സ്വ.ഭ.വ തിയതി 29.03.2017 ഖണ്ഡിക 6.8(4), ഖണ്ഡിക 7,*

*7(5), 7.7(1), 13(6) എന്നിവ കാണുക.*
ആയതിനാൽ തൃപ്തികരമായ വിശദീകരണത്തിനു വിധേയമായി ഈയിനത്തിലെ 1002754 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പ്രോജക്റ്റ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് 23.02.2019 ആരംഭിക്കുകയും ഓഡിറ്റിന് പരിശോധനയ്ക്ക് രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നം. 01/17-18 തിയ്യതി 23.02.19 പ്രകാരം ജനറൽ റിക്വിസിഷൻ നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായും കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 151 | 238500 | 1139195 |
| 2 | 183 | 192000 | 52280 |
| 3 | 188 | 242369 | 13500 |
| 4 | 387 | 375000 | 28450 |
| 5 | 409 | 682000 | 654000 |
| 6 | 410 | 630000 | 426803 |
| 7 | 411 | 375000 | 113190 |
| 8 | 413 | 112000 | 6000 |
| 9 | 414 | 61183 | 60000 |
| | ആകെ | 5615352 | **2493418** |

രേഖകൾ ആവശ്യപ്പെട്ടു കൊണ്ട് 27.2.2019 ന് വീണ്ടും ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും അവ ഹാജരാക്കിയില്ല.
ആയതിനാൽ രണ്ട് തവണ രേഖാമൂലവും, പല തവണ വാക്കാലും ആവശ്യപ്പെട്ടിട്ടും പ്രൊജക്റ്റുകളും ചെലവു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് വിധേയമായി 2017-18 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ ചെലവഴിച്ച
2493418 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ( 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് 11-ാം വകുപ്പ്, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1),12(2) എന്നിവ കാണുക.

## 3-4 മരാമത്ത് ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുക 225000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.16/02-03-19)

| പ്രവൃത്തിയുടെ പേര്,പ്രോജ.നം | ചെലവഴിച്ച തുക | ബിൽനം./തിയ്യതി |
|---|---|---|
| വണ്ടുംതറ – പുളിയങ്കൽ റോഡ് (224/18) | 225000 | 63/30-6-17-100000/-<br>NEFT-125000 |

## 3-5 വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ- ഭരണപരമായ അപാകതകൾ സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് വിവിധ സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ അപേക്ഷകൾ സ്വീകരിക്കുകയും നടപടികൾ പൂർത്തിയാക്കുകയും ചെയ്യുന്നുണ്ടെങ്കിലും, ഇക്കാര്യത്തിൽ ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല എന്ന് മനസ്സിലാകുന്നു. ഓരോ പെൻഷൻ ഇനത്തിലും കിട്ടുന്ന അപേക്ഷകൾ വെവ്വേറെ രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും പരിപാലിച്ചു വരുന്ന രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്ന വിശദാംശങ്ങൾ അപൂർണ്ണമാണ്. അപേക്ഷകന്റെ പേരും വിലാസവും, അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറിയ തീയ്യതിയും മാത്രമേ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുള്ളൂ.

സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ചുള്ള ചട്ടങ്ങളുടേയും കാലാകാലങ്ങളിൽ വരുന്ന ഭേദഗതികൾ അനുസരിച്ചും, സർക്കാർ ഉത്തരവുകൾക്കനുസരിച്ചും, അപേക്ഷകന്റെ അർഹത ഉറപ്പു വരുത്തുന്നതിനു പുറമേ, താഴെ പറയുന്ന കാര്യങ്ങൾക്കൂടി ഉറപ്പു വരുത്തേണ്ടതാണ്.

(1) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിൽ രഹിത വേതനം, എന്നിവയുടെ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീരുമാനമെടുക്കണം

(2) ലഭിച്ചതും, അനുവദിച്ചതും, നിരസിച്ചതുമായ അപേക്ഷകളുടെ ഒരു രജിസ്റ്റർ ഫോറം-4 ൽതദ്ദേശ സ്ഥാപനം സൂക്ഷിക്കണം. ( റൂൾ.7.സി

(3) ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും ക്രമനമ്പർ നൽകണം. ഈ നമ്പർ പറ്റ് ചീട്ടിൽ കാണിക്കണം.

(4) വികലാംഗ പെൻഷൻ അപേക്ഷകളിന്മേൽ 60 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കണം.

(5) അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ അപേക്ഷകളിൽ ഒരു മാസത്തിനകം തീരുമാനമെടുക്കണം. അപേക്ഷകൾ പാസ്സാക്കിയാൽ പാസ്സാക്കിയ ഉത്തരവും, നിരസിക്കപ്പെട്ടാൽ വ്യക്തമായ കാരണവും അപേക്ഷകനെ അറിയിക്കേണ്ടതാണ്. പെൻഷൻ ലഭിക്കുന്ന സ്ക്രീ രണ്ട് വർഷത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.അല്ലെങ്കിൽ ഐഡന്ററിറ്റി കാർഡ് സഹിതം നേരിട്ട് ഹാജരാകണം

(6) വാർധക്യ കാല പെൻഷന്റെ കാര്യത്തിൽ പെൻഷൻ ലഭിക്കുന്ന വ്യക്തികൾ ജീവിച്ചിരിപ്പുണ്ടോ എന്നും മറ്റു വരുമാനങ്ങൾ ലഭിക്കുന്നുണ്ടോ എന്നുമുള്ള വിവരങ്ങൾ എല്ലാ ഏപ്രിൽ മാസത്തിലും തദ്ദേശ സ്ഥാപന സെക്രട്ടറി പരിശോധിച്ച് മെയ് 15 ന് മുമ്പ് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യണം. പെൻഷണർ മരിച്ചു പോയാൽ ടി വിവരവും അറിയിക്കണം.

വിവിധ അപേക്ഷകൾക്ക് ക്രമനമ്പർ/ രജിസ്റ്റർ നമ്പർ നൽകുകയും ടി വിവരവും , ചട്ടപ്രകാരം അന്വേഷണ റിപ്പോർട്ട് സഹിതം അപേക്ഷകൾ തിരികെ സമർപ്പിക്കേണ്ട തീയ്യതികളും ഉൾപ്പെടെ വിശദാംശങ്ങൾ രേഖപ്പെടുത്തി അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറേണ്ടതും. നിശ്ചിതസമയ പരിധിക്കകം തിരിച്ചേൽപ്പിക്കുന്നു എന്നും, തിരികെ ലഭിക്കുന്ന അപേക്ഷകളിന്മേൽ ചട്ടപ്രകാരം സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുന്നു എന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 3-6 മെഡിക്കൽ ഓഫീസർ നിർവഹിച്ച പ്രൊജക്കുകൾ- രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 352/18 |
| പ്രൊജക്ടിന്റെ പേര് | സബ്സെന്ററുകളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 40235/- |
| ചെലവ് | 40000/- (ബിൽ നം.1/18 തീയ്യതി. 19.7.17) |
| ഉപകരണങ്ങൾ സപ്ലൈ ചെയ്ത ഏജൻസി | കാരുണ്യ ഫാർമസി ( ബിൽ നം. 33618/23.5.17 , ബിൽ നം. 19400 തീയ്യതി 23.5.17 |
| സപ്ലൈയറുടെ ബാങ്ക് അക്കൗണ്ട് നമ്പർ | 721081400000118 തുക- (40000/-) |
| രശീതി നമ്പർ | 33435/9.8.17 |

മേൽ പറഞ്ഞ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

II.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 24/18 |
| പ്രൊജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/- (ബിൽ നം. 5/18 തീയ്യതി. 28.3.18 |
| ഉപകരണങ്ങൾ സപ്ലൈ ചെയ്ത ഏജൻസി | ഹോംകോ, കേരള |
| സപ്ലൈയറുടെ ബാങ്ക് അക്കൗണ്ട് നമ്പർ | 34306403911 (SBIN0012873) |
| ഇൻവോയ്സ് നമ്പർ | PF 1389 തീയ്യതി. 30.1.18 |

മരുന്നിന്റെ സ്റ്റോക്ക് വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

III.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 356/18 |
| പ്രൊജക്ടിന്റെ പേര് | പ്രതിരോധ കുത്തിവെപ്പ് |
| അടങ്കൽ | 30000/- രൂപ |
| ചെലവ് | 26100/- വാഹനച്ചെലവ് (ബിൽ നമ്പർ 6/18 തീയ്യതി. 28.3.18) |
| വാടക വാഹന ഉടമയുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പറും | ശ്രീ. സുരേന്ദ്രൻ, മമ്മിണിക്കുന്നത്ത്, പുലാശ്ശേരി.<br><br>007901100000482 (DLXB0000079) |

മേൽ പറഞ്ഞ പ്രൊജക്റ്റ് പ്രകാരം പ്രതിരോധ കുത്തിവെപ്പിന്റെ ഭാഗമായി വാഹനം വാടകക്കെടുത്ത വകയിൽ 26100 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയ വ്യക്തി സമർപ്പിച്ച രശീതികളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒപ്പ് അസൽ അല്ല എന്ന് കാണുന്നു. തുക കൈപ്പറ്റിയ വ്യക്തി ഒപ്പിട്ട ഒരു പേപ്പറിന്റെ പകർപ്പ് എടുത്ത് അതിൽ പിന്നീട് രശീതി എഴുതിച്ചേർക്കുകയോ, ടൈപ്പ് ചെയ്യുകയോ ചെയ്തതായി കാണുന്നു.മാത്രമല്ല, ചെലവിനങ്ങൾ ഒന്നും തന്നെ നിർവഹണോദ്യോഗസ്ഥൻ പാസ്സാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

IV.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 349/18 |
| പ്രൊജക്റ്റിന്റെ പേര് | സാന്ത്വനം പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | 700000 |
| ചെലവ് തുകയും വിശദാംശങ്ങളും | 622884/- (ജീവനക്കാരുടെ വേതനം, റിഫ്രഷ്മെന്റ്, വാഹന ഇന്ധനച്ചെലവുകൾ, പർച്ചേസ് എന്നിവ)<br><br>ബിൽനം.2/18-19.8.17- തുക 98200<br><br>,, 3/18. 16.2.18 205010<br><br>,, 4/18. 16.3.18 60685<br><br>,, 7/18 28.3.18 7168<br><br>,, 8/18 . 28.3.18 251821 |

(1) മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകകളുടെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.
(2) സ്റ്റോക്ക് വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(3) തുക കൈപ്പറ്റിയ വ്യക്തി ഒപ്പിട്ട ഒരു പേപ്പറിന്റെ പകർപ്പ് എടുത്ത് അതിൽ പിന്നീട് രശീതി എഴുതിച്ചേർക്കുകയോ, ടൈപ്പ് ചെയ്യുകയോ ചെയ്തതായി കാണുന്നു.മാത്രമല്ല, ചെലവിനങ്ങൾ ഒന്നും തന്നെ നിർവഹണോദ്യോഗസ്ഥൻ പാസ്സാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(4) കെ.എം.അലി ഹാർഡ്‌വെയർ & ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും സ്റ്റീൽ റാക്ക് 24300 രൂപയ്ക്ക് വാങ്ങിയിരിക്കുന്നത് ക്വട്ടേഷൻ നടപടികൾ ഇല്ലാതെയാണ്. ടി ബില്ല് ആധികാരികമല്ല. (പ്രൊപ്രൈറ്ററുടെ ഒപ്പോ സീലോ രേഖപ്പെടുത്തിയിട്ടില്ല. ഒരു ബില്ലിന്റെ പ്രിന്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്).
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 20/02.03.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക 888984/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-7 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 7 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും

കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 21 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. (വർക്ക് ഫയലുകളിൽ സെലക്ഷൻ നോട്ടീസ് നൽകിയതായി രേഖ ഇല്ല)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ/ തീരുമാനം/ സെലക്ഷൻ നോട്ടീസ് നൽകിയത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | കുന്നത്തൊടി ഇടവഴി കോൺക്രീറ്റ് (പ്രോജ.നം.371/18)<br>PAC-99530/-<br>ബിൽ നം. 137/20-2-18 | തീരുമാനം. നം.20-12-17 | 39/23-1-18<br>കെ.ടി.സന്തോഷ് | 995 |
| 2 | പൂളോംപാടം-കുറ്റിയത്തോട് റോഡ് കോൺക്രീറ്റ് (പ്രോജ.നം.62/18)<br>PAC-199494/-<br>ബിൽ നം. 140/20-2-18 | തീരുമാനം. നം. 28-9-17 | 21/31-10-17<br>അബൂബക്കർ സിദ്ദിഖ് | 1995 |
| 3 | വല്ലിലത്തൊടി-കുളങ്ങരത്തൊടിറോഡ് കോൺക്രീറ്റ് (പ്രോജ.നം.31/18)<br>PAC-449162/-<br>ബിൽ നം. 142/20-2-18 | തീരുമാനം. നം.20-12-17 | 57/15-1-18<br>മുഹമ്മദ് മുസ്തഫ | 4491 |
| 4 | പറമ്പയിൽ റോഡ് കോൺക്രീറ്റ് (പ്രോജ.നം.69/18)<br>PAC-149363/-<br>ബിൽ നം. 127/16-2-18 | തീരുമാനം. നം.28-9-17 | 30/3-11-17<br>പി.അമീർ അലി | 1494 |
| 5 | പുല്ലാട്ടിൽ പ്രദേശം റോഡ് കോൺക്രീറ്റ്(പ്രോജ.നം.59/18)<br>PAC-98463/-<br>ബിൽ നം. 128/16-2-18 | തീരുമാനം. നം.28-9-17 | 31/3-11-17<br>പി.നൗഫൽ | 984 |
| 6 | മാണിത്തൊടി-പൂക്കോട്ടുകുളം റോഡ്കോൺക്രീറ്റ് (പ്രോജ.നം.77/18)<br>(PAC-99373/-<br>ബിൽ നം. 133/16-2-18 | തീരുമാനം നം.28-9-17 | 29/3-11-17<br>പി.അമീറലി | 994 |
| 7 | കോട്ടക്കുന്ന് റോഡ് കോൺക്രീറ്റിംങ്<br>(പ്രോജ.നം.51/18)<br>PAC-399524/-<br>ബിൽ നം. 160/8-3-18 | തീരുമാനം. നം.28-9-17 | 17/3-10-17<br>കെ.നാരായണൻ | 3995 |
| 8 | മാണിത്തൊടി-കാളിത്തൊടി റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.366/18) | തീരുമാനം. നം.28-9-17 | 19/31-10-17<br>അൻവർ സാദത്ത് | 2241 |

| | | | | |
|---|---|---|---|---|
| | PAC-224103<br>ബിൽ നം. 159/8-3-18 | | | |
| 9 | വെട്ടുകാട് റെയിൽവെ റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.110/18)<br>PAC-98314<br>ബിൽ നം. 175/16-3-18 | തീരുമാനം. നം.28-9-17 | 33/21-11-17<br>സി.പി.അബൂബക്കർ | 983 |
| 10 | കോഴിക്കോട്-തിരുത്തിയിൽ റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.101/18)<br>PAC-273162<br>ബിൽ നം. 174/16-3-18 | തീരുമാനം.നം. 20-12-17 | 92/23-1-18<br>സി.പി.അബൂബക്കർ | 2732 |
| 11 | എരവത്ര-മാനംപള്ളിയാലിൽ ക്വാർട്ടേർസ്റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.143/18)<br>PAC-197031<br>ബിൽ നം. 176/16-3-18 | തീരുമാനം. നം.28-9-17 | 38/12-1-18<br>സി.പി.അബൂബക്കർ | 1970 |
| ആകെ തുക | | | | 22874 |

പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾസ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.16/02-03-19)

## 3-8 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം : 19/18- പ്രത്യേക കന്നുകുട്ടി പരിപാലനം
അടങ്കൽ : 1250000/-
ചെലവ് : 193750/- (വികസന ഫണ്ട്)
ബിൽ നം. : 01/27.01.2018

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതി പ്രകാരം 31 ഗുണഭോക്താക്കൾക്കായി പദ്ധതിവിഹിതമായ ₹ 193750/- അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് പ്രൊഗ്രാമിന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും (STSB അക്കൗണ്ട് നം. 714021400000008, തിയതി. 26.01.2018) പദ്ധതിതുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചിട്ടില്ല എന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 3-9 അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ- കേന്ദ്ര സഹായം വിനിയോഗിച്ചില്ല-

കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ സർവതോന്മുഖമായ വികസനത്തിനു വേണ്ടി അനുവദിച്ച കേന്ദ്ര സഹായവിഹിതത്തിൽ, ഓഡിറ്റ് വർഷത്തിൽ, 951866 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

സർക്കാർ ഉത്തരവ് നം. 39033ഡി.ഡി.2/ 2010 തീയ്യതി. 3.9.2010 ൽ ഈയിനത്തിൽ

അനുവദിക്കുന്ന കേന്ദ്ര വിഹിതം എന്തെല്ലാം കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്നത് സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്. അങ്കണവാടികൾക്കാവശ്യമായ കെട്ടിടം, സ്ഥലം, വൈദ്യുതി, കുടിവെള്ളം, ഭക്ഷണ സംഭരണി, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവയുൾപ്പെടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ തുക ഉപയോഗപ്പെടുത്താവുന്നതാണ്.

നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| സ്വന്തമായി സ്ഥലവുംകെട്ടിടവുമില്ലാത്ത അങ്കണവാടികൾ | എണ്ണം-2 |
| കുടിവെള്ളമില്ലാത്തവ | 1 |
| ചുറ്റു മതിലില്ലാത്ത അങ്കണവാടികളുടെ എണ്ണം | 1 |
| വൈദ്യുതിഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 3 |

മതിയായത്ര തുക കേന്ദ്ര വിഹിതമിനത്തിൽ അവശേഷിച്ചിരിക്കെ അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ തുക വിനിയോഗിക്കാതിരുന്നതിന് വിശദീകരണമാവശ്യപ്പെടുന്നു.

## 3-10 വിവിധ പ്രദേശങ്ങളിലെ ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റൽ- KSEB യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തടസ്സമായ ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടിവൈദ്യുതി ബോർഡിന് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | S460/18- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ |
| അടങ്കൽ തുക | 100000/- |
| ചെലവ് | 89448/- ( ബിൽ നം.29/18 തീയ്യതി. 17.3.18 |
| ബിൽ നമ്പറും തീയ്യതിയും | 29/ 17.3.18 |

തുക നൽകിയതിന്റെ വിശദാംശങ്ങൾ

| പ്രവൃത്തിയുടെ പേര് | കൈമാറിയ തുക |
|---|---|
| വാർഡ്- 14 ആഴ്ചത്ത്പടി റോഡ് | 10420.97 |
| ഇലക്ട്രിക്കൽ ലൈൻ ഷിഫ്റ്റിംഗ് - കൊപ്പം | 8928.95 |
| കുലുക്കല്ലൂർ സ്റ്റേഷൻ റോഡ് | 9179.98 |
| വാർഡ് 15 മച്ചിങ്ങൽ റോഡ് | 5766.75 |
| വാർഡ് -15. വളവത്ത് റോഡ് | 5189.16 |
| വാർഡ് -14 കേളം തൊടി റോഡ് | 16013.23 |
| കുലുക്കല്ലൂർ- എരവത്ര മദ്രസ്സ റോഡ്<br>( 5 പോസ്റ്റുകൾ) | 33170/- |

| | |
|---|---|
| അനുബന്ധച്ചെലവുകൾ | 778.96 |
| ആകെ | 89448 രൂപ |

മേൽ പറഞ്ഞ പ്രവൃത്തികളിൽ കുലുക്കല്ലൂർ- എരവത്ര മദ്രസ്സ റോഡ് - 5 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 33170/- രൂപ നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് KSEB യിൽ നിന്നും ലഭ്യമായിട്ടുള്ളത്. ആയതിനാൽ ബാക്കി പ്രവൃത്തികളുടെ കൂടി വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-11 വിദ്യാർത്ഥികൾക്ക് സഹവാസ ക്യാമ്പ്- പദ്ധതി മാർഗ്ഗരേഖാ ലംഘനം

2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് 3 ദിവസത്തെ പാഠ്യേതരവും പഠനാർഹകവുമായ പരിശീലന പരിപാടിയും സർഗ്ഗാത്മക പ്രതിഫലനവും ലക്ഷ്യമിട്ട് കുലുക്കല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ 11 സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് സഹവാസ ക്യാമ്പ് എന്ന പേരിൽ ഒരു പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത പ്രസ്തുത പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് നം. : 103/2018, വിദ്യാർത്ഥികൾക്ക് സഹവാസ ക്യാമ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്
അടങ്കൽ : 50,000/- ( തനത് ഫണ്ട്)
ചെലവ് : 49500/- (4500/- രൂപ വീതം 11 സ്കൂളുകൾക്ക്)

പതിമൂന്നാം പഞ്ചവൽസര പദ്ധതിതി- സബ്സിഡി- ധനസഹായം- അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ. ഉ (കൈ)22/2018/ത.സ്വ.ഭ.വ തിരു, തിയതി.14.02.2018) ഖണ്ഡിക.2 ഉപ ഖണ്ഡിക2.2 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്നിരിക്കെ മുൻപറഞ്ഞ വിധം മുൻകൂർ അനുമതി ഇല്ലാതെ പ്രൊജക്റ്റ് നടപ്പാക്കിയത് പദ്ധതി മാർഗ്ഗരേഖാ ലംഘനമാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ മാർഗ്ഗരേഖ ഖണ്ഡിക.2 ഉപ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്തതും സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കാതെയും ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ ചെലവു തുക 49500/രൂപ സർക്കാർ സാധൂകരണത്തിന് വിധേയമായി തടസ്സപ്പെടുത്തുന്നു.

## 3-12 അസാധാരണച്ചെലവുകൾ അപാകതകൾ സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത്രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത്

തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

2017-18 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ധാരാളം തുക അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ദൈനംദിന ചെലവായി പരിഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല. .

തൻവർഷം നിർവ്വഹിച്ച അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/ തിയതി | തുക | ചെലവിനം |
|---|---|---|
| 21700056/26.4.2017 | 2798 | മാതൃഭാഷാ ദിനം- ഗുണഭോക്തൃ സംഗമം സെമിനാർ |
| 21700092/9.5.17 | 1920 | സേവനാവകാശ നിയമം, കുട്ടിവെള്ള പദ്ധതി ഉത്ഘാടനച്ചെലവ് |
| 21700134/25.5.17 | 2800 | വികസന സെമിനാർ- കസേര, മൈക്ക്, വാടക |
| 21700302/ 5.8.17 | 2100 | സ്കൂൾ കെട്ടിടം ഉത്ഘാടനം- ഫ്ലക്സ്- ചെലവ് |
| 21700502/26.10.17 | 4750 | കേരളോത്സവം മൈക്ക്, സ്റ്റേജ് - ചെലവ് |
| 21700549/17.11.17 | 4350 | ബഡ്സ് സ്കൂൾ, മൈക്ക് അനൗൺസ്മെന്റ് |

അസാധാരണച്ചെലവുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കണ്ടിജന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും എല്ലാ ചെലവുകളും രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല . ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. ( ഓഡിറ്റ് അന്വേഷണം നമ്പർ 8. തീയ്യതി. 27.2.2019)

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും ചട്ട പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ചെലവ് പരിധി കവിയുന്നില്ല എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## 3-13 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ സൂക്ഷിപ്പ് അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL52A.8758 നമ്പറുള്ള ഒരു BOLERO ജീപ്പാണ് നിലവിലുള്ളത്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയുടെ കാര്യക്ഷമത പരിശോധിക്കാൻ ലക്ഷ്യമിട്ടതനുസരിച്ച് വാഹനവുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

**എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

പഞ്ചായത്ത് വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കോർഡുകളുമാണ് സെക്രട്ടറി സൂക്ഷിക്കേണ്ടത്.

1. ലോഗ് ബുക്ക്

2. പെട്രോൾ, ഡീസൽ ഗ്യാസ് മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്

3. റിപ്പയർ രജിസ്റ്റർ

4. സ്റ്റോക്ക് രജിസ്റ്റർ

5. ഫ്യൂവൽ രജിസ്റ്റർ

പഞ്ചായത്ത് വാഹനത്തിന് ലോഗ് ബുക്ക് ഒഴികെയുള്ള മേൽ സൂചിപ്പിച്ച മറ്റു രജിസ്റ്ററുകളൊന്നും എഴുതി സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്കിൽ ഫ്യുവൽ അക്കൗണ്ട് രേഖപ്പെടുത്തുന്ന കോളത്തിൽ വർഷാരംഭത്തിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിലെ ഡീസലടിക്കുന്നത് സെക്രട്ടറിയോ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഓഫീസറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ.ഉ(എം.എസ്)നം.170/07/ ത.സ്വ.ഭ.വ 30-6-2007 പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ/ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഫീസറുടേയോ സാന്നിദ്ധ്യത്തിലോ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണെന്ന് നർദ്ദേശിച്ചിട്ടുണ്ട്. ഫ്യവൽ അക്കൗണ്ട് ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

## <u>ബി. റിപ്പയർ</u>

സെക്രട്ടറിക്ക് 2000 രൂപയിൽ അധികരിക്കാത്ത മൈനർ റിപ്പയറിന് പ്രിഡന്റിന്റെ അനുമതിയോട് കൂടി നിർവ്വഹിക്കാവുന്നതാണ്. 2000 രൂപ മുതൽ 10000 രൂപ വരെയുള്ള റിപ്പയറിന് ക്വട്ടേഷൻ നടപടി കൂടാതെ സർക്കാറിന്റെ അംഗീകാരമുള്ള ഒരു വർക്ക്ഷോപ്പ് മുഖേന പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ചെയ്യാവുന്നതാണ്. എന്നാൽ സർക്കാറിന്റെ അംഗീകാരമില്ലാത്ത വർക്ക്ഷോപ്പ് മുഖേന റിപ്പയർ ചെയ്യുന്നതിന് ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടതാണ്.10000 രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. വാഹന റിപ്പയറുമായി ബന്ധപ്പെട്ട ചെലവിനങ്ങൾ മേൽ നിബന്ധനകൾക്ക് വിധേയമായിട്ടാണോ ചെലവഴിച്ചതെന്ന് തെളിയിക്കുന്ന രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ക്വട്ടേഷൻ നടപടി കൂടാതെയാണ് 10000 രൂപയിൽ അധികരിച്ച ചെലവ് നടത്തിയിട്ടുള്ളത്.

ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൽ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന മേലുത്തരവിലെ നിർദേശം പാലിച്ചിട്ടില്ല.

28.2.19 ലെ 14- നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല.
സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹനത്തിന്റെ ദൈനംദിന പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുവാനും, അറ്റകുറ്റപ്പണികൾ നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ(341/18) | 50000 | 0 |
| പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ----ടി----- | 100000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | സമൃദ്ധി | 300000 | 0 |
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 27000 | -ടി- | 0 | 27000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി, | ഇലക്ട്രിക് പോസ്റ്റ്മാറ്റി സ്ഥാപിക്കൽ (പ്രോജ.നം. 460/18) | NEFT (ബിൽ നം./ 29/16-3-18 | 89448 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല.

## 4-5 സ്ഥിര നിക്ഷേപം
ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കറി
ഈയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും നിലവിലില്ല.

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം
ഈ ഇനത്തിൽ തൻവർഷം തുകയൊന്നും അടവാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം
(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72261189 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60721491 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 577/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22874/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4659656/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-2 | 577/- | | ശ്രീ.വി.രവീന്ദ്രൻ,സെക്രട്ടറി |
| 3-7 | | 22874/- | ശ്രീമതി.എം.കെ.ശാന്ത,<br>അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1002754 | ശ്രീ.ടി.എസ്.ശ്രീകുമാർ, അസി.സെക്രട്ടറി |
| 3-3 | 2493418 | ശ്രീമതി.രശ്മി.എം.ബി, കൃഷി ഓഫീസർ |
| 3-4 | 225000 | ശ്രീമതി.ധന്യാ രവി, അസി.എഞ്ചിനീയർ |
| 3-6 | 888984 | ഡോ.രോഹിണി.സി,<br>മെഡിക്കൽ ഓഫീസർ, പിഎച്ച്.സി |

| | | |
|---|---|---|
| 3-11 | 49500 | ശ്രീ.ജോജോ മാത്യൂ,ഹെഡ്മാസ്റ്റർ |
| ആകെ | 4659656 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിൻ്റെ വിവരം**

ഒന്നുമില്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.രവീന്ദ്രൻ,സെക്രട്ടറി | റിട്ടയേർഡ് | വേട്ടേക്കര പറമ്പിൽ ഹൗസ്, തെക്കുമ്മുറി പി.ഓ, കാറൽമണ്ണ,പാലക്കാട് ജില്ല, പിൻ-679506 |
| ശ്രീമതി.എം.കെ.ശാന്ത, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കൊപ്പം ഗ്രാമപഞ്ചായത്ത് | മണ്ണത്താൻമാരിൽ വീട്, പരുത്തിപ്ര,ഷൊറണൂർ പി.ഓ, പിൻ-679121 |
| ശ്രീ.ടി.എസ്.ശ്രീകുമാർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, നെല്ലായ ഗ്രാമപഞ്ചായത്ത് | പുതുവീട്,പ്രാക്കുളം പി.ഓ, കൊല്ലം ജില്ല |
| ശ്രീമതി.രശ്മി.എം.ബി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മുതുതല ഗ്രാമപഞ്ചായത്ത് | മണിയപ്പൊറ്റ ഹൗസ്, അല്ലപ്ര പി.ഓ, പെരുമ്പാവൂർ, എറണാകുളം ജില്ല |
| ശ്രീമതി.ധന്യാ രവി, അസി.എഞ്ചിനീയർ | എക്സി.എഞ്ചിനീയർ, LSGD ഡിവിഷൻ, മലപ്പുറം ജില്ലാ പഞ്ചായത്ത് | "അഞ്ജനം", പണിക്കത്ത് ഹൗസ്, മിണാലൂർ പി.ഓ, മുളങ്കുന്നത്ത് കാവ്(വഴി), തൃശ്ശൂർ ജില്ല, പിൻ-680581 |
| ഡോ.രോഹിണി.സി, മെഡിക്കൽ ഓഫീസർ, പിഎച്ച്.സി | ലീവിൽ പ്രവേശിച്ചു | "ശരവണം",വേലൂർ പത്തലിൽ, അയിരൂർ നോർത്ത് (PO),തിരുവല്ല, പത്തനംതിട്ട ജില്ല പിൻ-689612 |
| ശ്രീ.ജോജോ മാത്യൂ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, പുലാശ്ശേരി. | കാഞ്ഞിരക്കുഴി ഹൗസ്, പൈങ്കണ്ണൂർ പി.ഓ, കുറ്റിപ്പുറം,മലപ്പുറം ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിൻ്റെ | തീർപ്പാക്കാനവ ശേഷിക്കുന്ന |
|---|---|---|

| | വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF.P.13/2066/12 Dt.9.11.12 | 2 |
| 1997-98 | LF.P.13/2067/12 Dt.9.11.12 | 3 |
| 1998-99 | LF.P.13/2074/12 Dt.9.11.12 | 3 |
| 1999-00 | LF.P.13/1969/11 Dt.6.12.11 | 4 |
| 2000-01 | LF.P.13/1967/11 Dt.15.12.11 | 8 |
| 2001-02 | LF.P.13/2068(1)/12 Dt.23.11.12 | 7 |
| 2002-03 | LF.P.13/2068(2)/12 Dt.23.11.12 | 4 |
| 2003-04 | LF.P.13/2068(3)/12 Dt.23.11.12 | 6 |
| 2004-05 | LF.P.13/2069/12 Dt.10.11.12 | 7 |
| 2005-06 | LF.P.13/2070/12 Dt.5.12.12 | 5 |
| 2006-07 | LF.P.13/2071/12 Dt.5.12.12 | 10 |
| 2007-08 | LF.P.13/1969/12 Dt.6.11.12 | 13 |
| 2008-09 | LF.P.13/2289/12 Dt.23.3.13 | 8 |
| 2009-10 | LF.P.13/2289/12 Dt.23.3.13 | 10 |
| 2010-11 | LF.P.13/2289/12 Dt.23.3.13 | 12 |
| 2011-12 | LF.P.13/9/2014 Dt.6.2.14 | 9 |
| 2012-13 | LF.P.13/228/2015 Dt.16.5.15 | 13 |
| 2013-14 | K.S.A.PKD/13/1139/2016 Dt.27.07.2016 | 11 |
| 2014-15 | K.S.A.PKD/13/1139/2016 Dt.27.07.2016 | 16 |
| 2015-16 | K.S.A.PKD 13/1241/2016 Dt. 31-12-16 | 13 |
| 2016-17 | K.S.A.PKD13/1765/2017 dt.1-11-17 | 24 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുലുക്കല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3. ആസ്തികകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2
# ഓഡിറ്റ് ചെയ്ത വരവ്-ചെലവ്-കുടിശ്ശികാ പത്രികകൾ

1)**INCOME AND EXPENDITURE STATEMENT**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 2987067.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3600.00 |
| 140000000 | Fee & User Charges | I-4(b) | 594877.00 |
| 150000000 | Sale & Hire Charges | I-5(b) | 422431.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 107427512.00 |
| 171000000 | Interest Earned | I-8 | 89228.00 |
| 180000000 | Other Income | I-9 | 17737.00 |
| | **Total Income** | | **111542452.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 8215856.00 |
| 220000000 | Administrative Expenses | I-11(b) | 926291.00 |
| 230000000 | Operations & Maintenance | I-12(b) | 1218619.00 |
| 240000000 | Interest & Finance Charges | I-13 | 724.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6299256.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20140257.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1136507.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 83120.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 47016300.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 22655887.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 36000.00 |
| | **Total Expenditure** | | **107728817.00** |
| | **Gross Surplus/ Deficit of income over Expenditure** | | **3813635.00** |
| 280000000 | Prior Period Item | I-18 | 869906.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **2943729.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## 2)RECEIPT & PAYMENT STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10497256.00 |
| Cash | Cash | RP-40(a) | 78742.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 583470.00 |
| 140000000 | Fees & User Charges | RP-4 | 537477.00 |
| 150000000 | Sale & Hire Charges | RP-5 | 422431.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52343650.00 |
| 171000000 | Interest Earned | RP-9 | 94546.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3529720.00 |
| 350000000 | Other Liabilities | RP-36 | 126456.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 17737.00 |
| 340000000 | Deposits Received | RP-34 | 25847.00 |
| 350000000 | Other Liabilities | RP-36 | 233427.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3379930.00 |
| 460000000 | Loans, Advances and Deposits | RP-47 | 390500.00 |
| | Grand total | | 72261189.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3345545.00 |
| 220000000 | Administrative Expenses | RP-12 | 926291.00 |
| 230000000 | Operations & Maintenance | RP-13 | 1155619.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3771168.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10773891.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1136507.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1283120.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 553000.00 |
| 255000000 | Maintenance Projects | RP-20 | 22655887.00 |
| 256000000 | Other Revenue Grants and Funds – Revenue Expenses | RP-21 | 36000.00 |

| | | | |
|---|---|---|---|
| 280000000 | Prior Period item | RP-26 | -18020.00 |
| 320000000 | Grants, Funds &Contributions for Specific Purposes | RP-31 | 66000.00 |
| 350000000 | Other Liabilities | RP-36 | 5764670.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 724.00 |
| 340000000 | Deposits Received | RP-34 | 14243.00 |
| 350000000 | Other Liabilities | RP-36 | 1303753.00 |
| 410000000 | Fixed Assets | RP-38 | 5104056.00 |
| 412000000 | Capital work in Progress | RP-40 | 2030175.00 |
| 460000000 | Loans, Advances and Deposits | RP-47 | 818862.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 11452812.00 |
| Cash | Cash | RP-40(b) | 86886.00 |
| | Grand Total | | 72261189.00 |

**3)**BALANCE SHEET For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 13812397.00 |
| 312000000 | Reserves | B-3 | 28271895.00 |
| | Total Reserve & Surplus | | 42084292.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4532226.00 |
| | Total Grants, Contributions for Specific Purposes | | 4532226.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 305607.00 |
| 350000000 | Other Liabilities | B-9 | 803139.00 |
| | Total Current Liabilities and Provisions | | 1108746.00 |
| | TOTAL LIABILITIES | | 47725264.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 40478528.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -5751999.00 |
| 412000000 | Capital Work in Progress | B-11(a) | 139525.00 |
| | Total Fixed Assets | | 34866054.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 935950.00 |
| 450000000 | Cash and Bank Balance | B-17 | 11539698.00 |
| 460000000 | Loand, Advances and Deposits | B-18 | 383562.00 |
| | Total Current Assets, Loans and Advances | | 12859210.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 47725264.00 |